കുടുംബശ്രീയുടെ 12-ാം വാർഷികം

132 (6050) ശ്രീമതി കെ. കെ. ശൈലജ ടീച്ചർ :
ശ്രീമതി കെ. എസ്. സലീഖ :
ശ്രീമതി കെ. അരുന്ധതി :
ശ്രീമതി കെ. കെ. ലതിക : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ഗ്രാമവികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കുടുംബശ്രീയുടെ 12-ാം വാർഷികവുമായി ബന്ധപ്പെട്ട് എന്തെങ്കിലും പദ്ധതികൾ ആവിഷ്ക്കരിച്ചിട്ടുണ്ടോ ;

(ബി) എങ്കിൽ വിശദാംശം നൽകുമോ ;

(സി) വാർഷികവുമായി ബന്ധപ്പെട്ട് പ്രത്യേക മേളകൾ സംഘടിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) കുടുംബശ്രീ സംഘടനാ ശാക്തീകരണ പ്രവർത്തനങ്ങളെ സുസ്ഥിരപ്പെടുത്തുന്നതിനും, നിലവിലുള്ള പദ്ധതികളുടെ വ്യാപനത്തിനും കാര്യക്ഷമമായ നിർവ്വഹണത്തിനും ഉതകുന്ന പ്രവർത്തനങ്ങളാണ് 12-ാം വാർഷികത്തിന്റെ ഭാഗമായി ആസൂത്രണം ചെയ്ത് നടപ്പിലാക്കുന്നത്. കൂടാതെ പട്ടികവർഗ്ഗക്കാർക്കുള്ള പ്രത്യേക ആശ്രയ പദ്ധതിക്കായി 40 ലക്ഷം രൂപ വരെ ചലഞ്ച് ഫണ്ടായും കുടുംബശ്രീ സംരംഭങ്ങളുടെ പ്രൊഡ്യൂസർ കമ്പനിക്കായി 25 ലക്ഷം രൂപ വരെയും പ്രത്യേക ധനസഹായം ലഭ്യമാക്കുമെന്നും, സി. ഡി. എസ്. മുഖേനയുള്ള ബൾക്ക് ലോണിനും പലിശ സബ്സിഡി നൽകുമെന്നും കുടുംബശ്രീ 12-ാം വാർഷികത്തിൽ ബഹു. ധനകാര്യ വകുപ്പു മന്ത്രി പ്രഖ്യാപിച്ചിട്ടുണ്ട്. കുടുംബശ്രീയുടെ ബ്രാന്റഡ് ഉൽപ്പന്നമായ പൈൻശ്രീയുടെ ഉദ്ഘാടനവും 12-ാം വാർഷികത്തിന്റെ ഭാഗമായി നിർവ്വഹിച്ചിട്ടുണ്ട്. തൊഴിലുറപ്പ് പദ്ധതിയിൽ കൂടുതൽ പങ്കാളിത്തമുണ്ടായിരുന്നവരെ പ്രോത്സാഹിപ്പിക്കൽ, കൂടുതൽ തൊഴിൽ ചെയ്തവരെ ആദരിക്കൽ, ബാലസഭാ കുട്ടികളുടെ കായിക വിനോദ പരിപാടികൾ, അന്താരാഷ്ട്ര വനിതാ വർഷത്തിന്റെ ഭാഗമായി തൊഴിലവകാശ നയരേഖ അവതരണവും ചർച്ചയും, മികച്ച സംഘ കൃഷി ഗ്രൂപ്പിനെ ആദരിക്കൽ, മികച്ച സംരംഭകരെ ആദരിക്കൽ, പ്രത്യേക ബാല പഞ്ചായത്ത് പൊതുസഭകൾ, സംരംഭക സംഗമങ്ങൾ, വിപണന മേളകൾ, കുടുംബശ്രീ യൂണിറ്റുകൾ അഭിമുഖീകരിക്കുന്ന സാങ്കേതിക- മാനേജ്മെന്റ് പ്രശ്നങ്ങൾ ചർച്ച ചെയ്യുന്നതിനുള്ള പ്രത്യേക ജില്ലാ തല സെമിനാറുകൾ, സി.ഡി.എസ് ആക്ഷൻ പ്ലാൻ നിർവ്വഹണ തലത്തിലെത്തിക്കുന്നതിനുള്ള പ്രത്യേക പ്രവർത്തനങ്ങൾ എന്നിവയാണ് 12-ാം വാർഷികത്തിന്റെ ഭാഗമായി നടന്നുവരുന്ന പ്രധാന പ്രവർത്തനങ്ങൾ

LIBRARY ARCHIVES Kerala Legislative Assembly

(സി) 12-ാം വാർഷികത്തിന്റെ ഭാഗമായി സി.ഡി.എസ്./ജില്ലാതലങ്ങളിലായി കുടുംബശ്രീ ഉൽപ്പന്നങ്ങളുടെ പ്രത്യേക വിപണന മേളകളും, എക്സിബിഷനുകളും സംഘടിപ്പിച്ചിരുന്നു. ഏകദേശം 1,75,00,000 (ഒരു കോടി എഴുപത്തിഅഞ്ചു ലക്ഷം രൂപ മാത്രം) രൂപയുടെ വിറ്റുവരവ് ഈ മേളയിലൂടെ നേടാൻ സാധിച്ചിട്ടുണ്ട്.

കുടുംബശ്രീ ഉൽപ്പന്നങ്ങളുടെ വിപണനത്തിന് വേണ്ടി സ്വീകരിച്ച നടപടികൾ

133 (6051) ശ്രീമതി പി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ഗ്രാമവികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കുടുംബശ്രീ ഉൽപ്പന്നങ്ങളുടെ വിപണന ശൃംഖലയ്ക്കുവേണ്ടി സർക്കാർ സ്വീകരിച്ചുവരുന്ന നടപടികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ ;

(ബി) സൂക്ഷ്മ സംരംഭങ്ങളിൽ കുടുംബശ്രീ സവിശേഷ ഇടപെടൽ നടത്തിവരുന്ന പ്രത്യേക മേഖലകൾ എതെല്ലാമാണെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) കുടുംബശ്രീ ഉൽപ്പന്നങ്ങളുടെ വിപണി വികസനത്തിനും മെച്ചപ്പെട്ട വിപണനത്തിനും താഴെപ്പറയുന്ന നടപടികൾ സ്വീകരിച്ചു വരുന്നു.

1. വിപണന ശൃംഖല രൂപപ്പെടുത്തുന്നതിനായി ആദ്യ പടിയെന്നോണം മാസചന്ത, ദിവസച്ചന്ത, ആഴ്ചച്ചന്ത, ഓണചന്ത, എന്നിവയും മറ്റ് ഉത്സവാനുബന്ധ ചന്തകളും സംഘടിപ്പിച്ചു വരുന്നു. ചന്തകളുടെ സംഘാടനത്തിനും സുഗമമായ നടത്തിപ്പിനും ഇവന്റ് മാനേജ്മെന്റ് ഗ്രൂപ്പുകളും രൂപീകരിച്ചുവരുന്നു. കുടുംബശ്രീ ഉൽപ്പന്നങ്ങൾക്ക് മെച്ചപ്പെട്ട വിപണനം ഉറപ്പുവരുത്തുന്നതിനായി ഇവന്റ് മാനേജ്മെന്റ് ഗ്രൂപ്പുകളുടെയും മൈക്രോ സംരംഭക കൺസൾട്ടന്റുമാരുടെയും സേവനവും പ്രയോജനപ്പെടുത്തിവരുന്നു.

2. വിപണനശൃംഖല രൂപീകരിക്കുന്നതിനായി റീട്ടെയിൽ ഔട്ട്ലെറ്റുകൾ സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. അൻപതോളം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ റീട്ടെയിൽ ഔട്ട്ലെറ്റുകൾ സ്ഥാപിക്കുന്നതിനായി കെട്ടിടങ്ങൾ വിട്ടുതരാൻ തയ്യാറായി മുന്നോട്ട് വന്നിട്ടുണ്ട്.

3. തൃശൂർ ജില്ലയിൽ കുടുംബശ്രീ ഉൽപ്പന്നങ്ങൾ വിറ്റഴിക്കുന്നതിനുവേണ്ടി കമ്മ്യൂണിറ്റി മാർക്കറ്റിംഗ് നെറ്റ് വർക്ക് (ഹോം ഷോപ്പ്) രൂപീകരിച്ചിട്ടുണ്ട്. ഈ മാതൃക മറ്റ് ജില്ലകളിലേക്ക് വ്യാപിപ്പിക്കുന്നതിന് നടപടി സ്വീകരിച്ചു വരുന്നു.

(ബി) കാർഷിക, ക്ഷീര അനുബന്ധമേഖലകളിലും കുടുംബശ്രീ ഉൽപ്പന്നങ്ങളുടെ പായ്ക്കിംഗ്, ഗുണനിലവാരം ഉറപ്പാക്കൽ, മാസച്ചന്തകളുടെ സംഘാടനം എന്നിവയിലും പ്രത്യേക ഇടപെടൽ നടത്തിവരുന്നു. പ്രവർത്തന

LIBRARY ARCHIVES Kerala Legislative Assembly